**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇരിണാവ് ഡാം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റഗുലേറ്റർ മാത്രമായി നിലനിർത്തുകയും ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുകയും ചെയ്യുന്നതിന് ഡയറക്ടർ കെ.ഇ.ആർ.ഐ. (പീച്ചി) പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | **കല്യാശ്ശേരി നിയോജകമണ്ഡല പരിധിയിൽ സ്ഥിതി ചെയ്യുന്ന ഇരിണാവ് ഡാമിന്റെ ഷട്ടറുകളും തൂണുകളുടെ പല ഭാഗങ്ങളും നശിച്ച് പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ്. ഇരിണാവ് ഡാം, കെ.ഇ.ആർ.ഐ. (പീച്ചി) ഉദ്യോഗസ്ഥർ സന്ദർശിക്കുകയും പ്രാഥമിക പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ, റെഗുലേറ്ററിന്റെ തൂണുകൾ പലയിടങ്ങളിലും കേടുപാടുകൾ വന്ന നിലയിലാണെന്നും കൂടാതെ, ജലനിരപ്പിന് താഴെയുള്ള ഭാഗത്തിന്റെ കേടുപാടുകൾ പുറമേ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആയത് മനസ്സിലാക്കുന്നതിന് നൂതന സാങ്കേതിക വിദ്യയായ അണ്ടർ വാട്ടർ വീഡിയോഗ്രഫി, തൂണുകളുടെ ശാസ്ത്രീയ ബല പരിശോധന, റെഗുലേറ്റർ സ്ഥിതി ചെയ്യുന്ന പുഴ ഭാഗത്തെ ആഴം, മറ്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന് വിശദ സർവ്വേ, നിലവിലുള്ള കാലപ്പഴക്കം ചെന്ന നിർമ്മിതിയിൽ പുതിയ നിലയിൽ മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത എന്നിവ പരിശോധിക്കലുൾപ്പെടെ വിശദമായ പര്യവേഷണ പ്രവൃത്തി ആവശ്യമാണെന്ന് KERI ശിപാർശ ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ